PULLANICAD—PANANGATTUKARA ROAD

189. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) whether a road connecting Pullanicad in the Vadakkancheri Village with Panangattukara had not been included in the Vadakkancheri Town improvement scheme once sanctioned by the Government;

(*b*) whether the Panangattukara part of the road has not been completed some years back;

(*c*) what length more has to be put up to connect this with Pullanicad?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Yes; but the work could not be taken up due to paucity of funds.

(*b*) The road from Panangattukara to Mangalam has been completed in 1117.

(*c*) About 6 furlongs.

DEPRESSED CLASSES COLONIES

190. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് ദയവായി മറുപടി പറയുമോ.—

ഗവർമ്മെണ്ടിൽനിന്നും അംഗീകരിച്ചിട്ടുള്ള എല്ലാ കോളനികളിലേയും നിവാസികൾക്ക് അവരവർ നിവസിക്കുന്ന സ്ഥലത്തിന്റെ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും ലൈസൻസു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ:

എല്ലാവക്കും കൊടുത്തു കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എത്രകൊണ്ടാണ് എല്ലാവക്കും കൊടുക്കാത്തത്?

മിസ്റ്റർ പറമ്പിലോനപ്പൻ : സർവ്വെയും സബ്ഡിവിഷനും കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : സർവ്വെ നടത്താത്ത കോളനികൾ ഉണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ : ഉണ്ട്. സർവ്വെ കഴിഞ്ഞതിനുശേഷമല്ലാതെ ഓരോരുത്തക്കും എത്രയെത്ര സ്ഥലങ്ങളാണ് എന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എല്ലാസ്ഥലത്തും ഒരേമാതിരിയിണോ കൊടുക്കുവാൻ വിചാരിക്കുന്നത്?

മിസ്റ്റർ പറമ്പിലോനപ്പൻ : അല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : മലയോരങ്ങളിൽ എത്രയാണ് കൊടുക്കുവാൻ വിചാരിക്കുന്നത്?

മിസ്റ്റർ പറമ്പിലോനപ്പൻ : തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ : കോളനികളുടെ സർവ്വെ കഴിഞ്ഞാകുന്നത് എന്നാണ്?

മിസ്റ്റർ പറമ്പിലോനപ്പൻ : ഒന്നര രണ്ടു മാസത്തിനുള്ളിൽ കഴിയും.

DEPRESSED CLASSES STUDENTS FOR HIGHER STUDIES

191. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

ഇവിടത്തെ കോളേജ് വിദ്യാഭ്യാസത്തിനുശേഷം മറുനാടുകളിൽ പോയി നിയമം, എഞ്ചിനീയറിങ്ങ്, മെഡിസിൻ എന്നീ വിഷയങ്ങൾ പഠിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നു തിരഞ്ഞെടുക്കുവാനും ധനസഹായം അനുവദിക്കുവാനും ഇക്കൊല്ലം അധികൃതരിൽ മുമ്പെല്ലാമാണ് അപേക്ഷകന്മാരായിട്ടുള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) സി. സി. കഞ്ഞൻ, (ബി) ടി. എ. പരമൻ, (സി) എം. പൊറയത്തു്, (ഡി) വി. കെ. കുട്ടൻ.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇവരിൽ എത്രപേരെ തിരിഞ്ഞെടുത്തു?

മിസ്റ്റർ പറമ്പിലോനപ്പൻ : രണ്ടു പേരെ തിരഞ്ഞെടുത്തു. ഒരാൾക്ക് അഡ്മിഷൻ കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly